**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.287 — 25.04.2017 ൽ മറുപടിക്ക്

ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം എന്നാണ് അവസാനമായി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ; | (എ) | 1961 ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനുശേഷം 2008 ൽ പുതുക്കി നിശ്ചയിച്ചുവെങ്കിലും അതനുസരിച്ച് തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. |
| (ബി) | ആശുപത്രികളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സ തേടുന്ന രോഗികളുടെ വർധനവിന് ആനുപാതികമായി സ്റ്റാഫ് പാറ്റേൺ പരിഷ്കരണം നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി), (സി) & (ഡി) | ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്കാശുപത്രിയും ജില്ലയിൽ മാനദണ്ഡപ്രകാരമുള്ള ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുവാൻ ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്ന് വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആർദ്രം മാനദണ്ഡമനുസരിച്ച് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. |
| (സി) | പുതിയതായി അനുവദിച്ചിട്ടുള്ള എക്സ് റേ, കാത്ത് ലാബ് എന്നിവ പോലുള്ള ആധുനിക സംവിധാനങ്ങൾക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ; | | |
| (ഡി) | കെട്ടിടം, മെഷീനറി മുതലായ സൗകര്യങ്ങൾ ഉണ്ടായിട്ടും സ്ഥിരം സ്റ്റാഫ് ഇല്ലാതെ, ചികിത്സ നല്കാനാകാത്ത അവസ്ഥക്ക് പരിഹാരമായി സ്റ്റാഫ് പാറ്റേൺ കാലാനുസൃതമായി പരിഷ്കരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ